## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2767 — 13/03/2020-ൽ മറുപടിയ്ക്ക്

### പ്രീ പ്രൈമറി ടീച്ചർമാരുടേയും ആയമാരുടേയും ശമ്പള വർദ്ധനവ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം. വിൻസെന്റ്** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| പ്രീ പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും പി.എസ്.സി. വഴി നിയമിതരായ അദ്ധ്യാപകർക്കും ആയമാർക്കും ലഭിയ്ക്കുന്ന ശമ്പളത്തേക്കാൾ വളരെ കുറവ് ശമ്പളം ലഭിക്കുന്ന സാഹചര്യമായതിനാൽ ഒരേ ജോലി ചെയ്യുന്ന ഇവരുടെ ശമ്പളം കൂട്ടുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ? | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക രക്ഷകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ പി.ടി.എ നിയമിച്ച അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയമാണ് നിലവിൽ നൽകി വരുന്നത്. എന്നാൽ പി.എസ്.സി വഴി നിയമനം നൽകുന്ന പ്രീ-പ്രൈമറി ജീവനക്കാർക്ക് സർക്കാർ ശമ്പള സ്കെയിൽ നിശ്ചയിക്കുകയും അതിൻ പ്രകാരം ശമ്പളം അനുവദിച്ച് വരുകയും ചെയ്യുന്നു. |

Rum

സെക്ഷൻ ഓഫീസർ